# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 17/ 09/ 2018

## അന്താരാഷ്ട്ര വയോജനദിനത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസിന്റെ കൊല്ലം മിനി മാരത്തോൺ 2018

**കൊല്ലം** : വയോജനങ്ങളോടുള്ള ആദരവും കരുതലും രൂപപ്പെടുത്തുന്നതിന് പുതുതലമുറയെ പ്രാപ്തരാക്കണമെന്ന ആശയം പ്രചരിപ്പിക്കുന്നതിനായി ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസ് ''റൺ ഫോർ എൽഡേഴ്സ്'' എന്ന സന്ദേശവുമായി **കൊല്ലം മിനി മാരത്തോൺ 2018** നടത്തുന്നു.




പാർശ്വവത്കരിക്കപ്പെടുന്ന വൃദ്ധ സമൂഹവും നവ തലമുറയുടെ വയോജനങ്ങളോടുള്ള അനാദരവും അവഗണനയും ഇന്ന് മുതിർന്നവർ നേരിടുന്ന പ്രതിസന്ധിയാണ്. ഇത് പരിഹരിക്കുന്നതിന് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനാണ് കൊല്ലം സിറ്റി പോലീസ് ഇത്തരത്തിലുള്ള പരിപാടി സംഘടിപ്പിക്കുന്നത്.

2018 സെപ്റ്റംബർ 30 തീയതി രാവിലെ 6 മണിക്ക് കൊല്ലം ബീച്ചിൽ നിന്നും പുരുഷൻമാരുടെ **10 കി.മി. മിനി മാരത്തോൺ** ബഹു കൊല്ലം എം. എൽ. എ. ശ്രീ മുകേഷ് ഫ്ളാഗ് ഓഫ് ചെയ്യുന്നു. ബഹു കൊല്ലം ജില്ലാ കളക്ടർ ഡോ. കാർത്തികേയൻ ഐഎഎസ് മൽസരാത്ഥികൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ്. കൊല്ലം ബീച്ചിൽ നിന്നും ആരംഭിച്ച് കൊച്ചുപിലാമ്മൂട് – ബീച്ച്റോഡ് വഴി ചിന്നക്കട-താലൂക്ക് ജംങ്ഷൻ- കെ എസ്സ് ആർ ടി സി – ലിങ്ക് റോഡ് വഴി ക്രൈം ബ്രാഞ്ച് ഓഫീസ് – ട്രാഫിക് സ്റ്റേഷൻ- ഏ വൈ കെ ജംങ്ഷൻ- നായേഴ്സ് ആശുപത്രി ജംങ്ഷൻ- കടപ്പാക്കട- ചെമ്മാൻമുക്ക് – കപ്പലണ്ടിമുക്ക്- എസ്സ് എൻ കോളേജ് ജംങ്ഷൻ- ഏ ആർ ക്യാമ്പ് ജംങ്ഷൻ- എസ്സ് ബി ഐ ജംങ്ഷൻ – റെയിൽവേ സ്റ്റേഷൻ ജംങ്ഷൻ- ക്യു ഏ സി റോഡ് വഴി ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ എത്തിച്ചേരുന്നു.

**വനിതാ മിനി മാരത്തൺ** കടപ്പാക്കട സ്പോർട്ട്സ് ക്ലബ്ബിൽ സബ് കളക്ടർ ഡോ. എസ്സ് ചിത്ര ഐഎഎസ് രാവിലെ 7 മണിക്ക് ഫ്ളാഗ് ഓഫ് ചെയ്യുന്നു. കടപ്പാക്കട സ്പോർട്ട്സ് ക്ലബ്ബിൽ നിന്നും തിരിച്ചു ചെമ്മാൻമുക്ക് – കപ്പലണ്ടിമുക്ക്- എസ്സ് എൻ കോളേജ് ജംങ്ഷൻ- ഏ ആർ ക്യാംപ് ജംങ്ഷൻ- എസ്സ് ബി ഐ ജംങ്ഷൻ – റെയിൽവേ സ്റ്റേഷൻ ജംങ്ഷൻ ക്യു ഏ സി റോഡ് വഴി ലാൽ ബഹദൂർ ശാസ്ത്രി  സ്റ്റേഡിയത്തിൽ എത്തിച്ചേരുന്നു.

ജവഹർ ജങ്ഷനിൽ നിന്നും ബഹുജനങ്ങളും സെലിബ്രിറ്റികളും പങ്കെടുക്കുന്ന **ഫൺ റൺ** കൊല്ലം അസിസ്റ്റന്റ് കളക്ടർ കുമാരി ഇലക്കിയ ഐഎഎസ് രാവിലെ 7 30 മണിക്ക് ഫ്ളാഗ് ഓഫ് ചെയ്യുന്നു. ചെമ്മാൻമുക്ക്- ഫാത്തിമാ മാതാ കോളേജ്- കർബല-ക്യു ഏ സി റോഡ് വഴി ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ എത്തിച്ചേരുന്നു.

വിജയികൾക്കുള്ള സമ്മാനം അന്നേ ദിവസം രാവിലെ 8.30 മണിക്ക് ഇരവിപുരം എം എൽ എ ശ്രീ.എം നൗഷാദിന്റെ സാനിധ്യത്തിൽ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി. ജെ.മേഴ്സിക്കുട്ടിയമ്മ കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ വെച്ച് നൽകുന്നതാണ്.

ആരോഗ്യപരമായി പ്രശ്നങ്ങൾ ഇല്ലാത്ത 18 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമേ മൽസരത്തിൽ പങ്കെടുക്കാൻ പാടുള്ളൂയെന്നും മൽസരത്തിൽ  പങ്കെടുക്കുന്നവരെല്ലാം അവരുടെ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്തു കൊല്ലം സിറ്റി പോലീസ് നൽകുന്ന ടി ഷർട്ടും തൊപ്പിയും ധരിച്ചു മാത്രമേ മൽസരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂയെന്നും മൽസരത്തിൽ പങ്കെടുത്ത് സ്റ്റേഡിയത്തിൽ എത്തിചേരുന്ന എല്ലാവർക്കും മെഡലും സർട്ടിഫിക്കറ്റും നൽകുന്നതാണെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ ആർ ബി കൃഷ്ണ ഐ പി എസ്സ് അറിയിച്ചു. ഓട്ടത്തിനിടയിൽ ശാരീരികാസ്വസ്ഥകൾ ഉണ്ടാകുന്നവർക്ക് അടിയന്തിര ചികിൽസ ലഭ്യമാക്കുന്നതിന് മെഡിക്കൽ ടീം ഉൽപ്പടെയുള്ള ആംബുലൻസ് സേവനം സജ്ജമാക്കിയിട്ടുണ്ട്.

---

**കൊല്ലം മിനി മാരത്തോൺ 2018** ന്റെ രജിസ്ട്രേഷൻ 17/09/2018  തീയതി മുതൽ കൊല്ലം  ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസ് **(0474 2742265)** കൊല്ലം എ ആർ ക്യാമ്പ് **(0474 2742970)** എന്നീ നമ്പരുകളിലൂടെയും ജില്ലാ പോലീസിന്റെ **ഒഫിഷ്യൽ വെബ്സൈറ്റി**ലൂടെയും നടത്താവുന്നതാണ്.